ഇലക്ട്രിക്ക് പവ്വർ

*വ്യവ. (ഫനു) സാഹിബ് ബഹദൂർ എ. മുഹമ്മദ മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പത്തനാപുരത്തു ഇലക്ട്രിക്ക് പവ്വർ അനുവദിച്ചു കിട്ടണമെന്നു് അപേക്ഷിച്ചുകൊണ്ടു് പൊതുജനങ്ങളിൽനിന്നും നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു പ്രസ്താവിക്കുമോ?

പൊതു മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ടു്.

(ബി) ഈ കാര്യം അടുത്തകൊല്ലം പരിഗണനയ്ക്കു് എടുക്കുന്നതാണെന്നു നിവേദകക്കു് മറുപടി നൽകിയിട്ടുണ്ടു്.

പുതിയ വിദ്യാഭ്യാസപദ്ധതി

*വ്യ. (ഫ ൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈവറ്റ സെക്കണ്ടറി വിദ്യാലയങ്ങളെ സംബന്ധിക്കുന്ന പുതിയ പദ്ധതിമൂലം ഗവൺമെൻറിനു ഒരു വർഷത്തിൽ എത്ര രൂപ കൂടുതൽ ചിലവുവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

(ബി) ഈ പദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ടോ?

(സി) എത്ര പ്രൈവറ്റ വിദ്യാലയങ്ങൾ ഈ പദ്ധതി അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും എത്ര വിദ്യാലയങ്ങൾ അംഗീകരിച്ചിട്ടില്ലെന്നും പ്രസ്താവിക്കുമോ;

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉദ്ദേശം ൨ ൫ ലക്ഷം രൂപാ.

(ബി) ഈ പദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ടു്.

(സി) ഈ പദ്ധതി അനുസരിച്ചു ൫ ൨൫ സ്കൂളുകൾ ഫീസിൻെറ വ൦ ശതമാനം ഗവൺമെൻറിൽ അടച്ചു കഴിഞ്ഞിട്ടുണ്ടു്. ബാക്കി പദ്ധതി അംഗീകരിക്കാത്ത സ്കൂളുകൾ ൪ ൫൨ ആണു്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഈ വ൦ ശതമാനം ഫീസ് ഗവൺമെൻറിൽ അടയ്ക്കാത്ത സ്കൂളുകളെക്കൊണ്ടു് അടപ്പിക്കുന്നതിനു് ഗവൺമെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുത്തരം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ഈ പുതിയ പദ്ധതി നടപ്പിൽ വരുത്തിയിട്ടു ഒരു മാസമേ ആയിട്ടുള്ളൂ എന്നും അതേപ്പറ്റി ഗവൺമെൻറ് ആലോചിച്ചുവരികയാണെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. താണുപിള്ള: വ൦ ശതമാനം ഫീസ് ട്രഷറിയിൽ അടയ്ക്കാത്ത സ്കൂൾ നടത്തിക്കൊണ്ടുപോകുന്നതിനു തടസ്സം വല്ലതും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ തടസ്സമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സാഹിബ് ബഹദൂർ ടി. എ. മൈദീൻ കുഞ്ഞ് : വ൦ ശതമാനം ഫീസ് ഖജനാവിൽ അടച്ച സ്കൂളുകൾ ഇത്രയും കാലം അതായത്, ഈ പദ്ധതി നടപ്പിൽ വന്നതു മുതൽ ഇതുവരെ മുഴുവൻ തവണയും അടച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ തവണയും അടച്ചിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ് : വ൦ ശതമാനം ഫീസ് ഖജനാവിൽ അടയ്ക്കാത്ത സ്കൂളുകളെ എത്ര കാലത്തേയ്ക്ക് ഇപ്രകാരം തുടർന്നുകൊണ്ടുപോകുവാൻ ഗവൺമെൻറ് അനുവദിക്കും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഒന്നുരണ്ടു ദിവസത്തേയ്ക്കു കിലും അനുവദിക്കാതിരിക്കാൻ നിവൃത്തിയില്ല. (ചിരി)

ശ്രീ. എ. താണുപിള്ള : സെക്കൻറി സ്കൂളുകൾ ഈ വ൦ ശതമാനം ഫീസ് ടഷറിയിൽ അടയ്ക്കാതിരിക്കുന്നതുകൊണ്ട് അവരുടെ മാനേജ്മെറി. ലുള്ള പ്രൈമറി സ്കൂളുകളുടെ ഗ്രാൻറ് നിറുത്തുക മൂലം ചില പ്രൈമറി സ്കൂളുകൾ നടത്തുന്നതിനു തടസ്സം നേരിട്ടതായി ഗവൺമെൻറിൻറെ അറിവിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ നിറുത്തിയിട്ടുള്ളതായി ഗവൺമെൻറിനു റിപ്പോർട്ട് കിട്ടിയിട്ടില്ല.

തൊഴിൽ തർക്കങ്ങൾ

*വ൫. (൨൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്സഹാ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൯, ൧൯൬൦ ഈ വർഷങ്ങളിൽ എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം ഓരോകൊല്ലവും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൻറെ ആർബിട്രേഷനു വിട്ടുകൊടുത്തിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൧൯൫൯-ൽ ആയിരത്തി അഞ്ഞൂറ്റി എഴുപത്തിഒൻപതു തൊഴിൽ തർക്കങ്ങളും ൧൯൬൦-ൽ രണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയൊൻപതു തൊഴിൽ തർക്കങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ മുപ്പത്തിയഞ്ചെണ്ണം ൧൯൫൯-ലും മുപ്പത്തി ഒൻപതെണ്ണം ൧൯൬൦-ലും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു വിട്ടുകൊടുത്തിട്ടുണ്ട്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്സഹാ : ഏതെങ്കിലും തൊഴിൽതർക്കം ഉണ്ടാകുന്നപക്ഷം അതുടൻ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു വിട്ടുകൊടുക്കുന്ന ഒരു പതിവുള്ളതുകൊണ്ടാണ് തൊഴിൽ തർക്കങ്ങൾ വർദ്ധിക്കുന്നതു എന്നുള്ള സംഗതി ഗവൺമെൻറിനറിയാമോ?

Mr. Speaker: That is an argument.

ശ്രീ. എ. താണുപിള്ള : ഈ കേസുകൾ തീരുമാനിക്കുന്നതിനു ശരാശരി എത്രകാല ദൈർഘ്യം വേണ്ടിവരുന്നുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശരാശരി നാലോ അഞ്ചോ മാസം വേണ്ടിവരും. ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക കാരണങ്ങളാൽ കൂടുതൽ സമയം വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly